24-2-16

FAROOK COLLEGE LIBRARY
No. 40
Date.

**D 92527** (Pages : 2)

Name.....................................

Reg. No.................................

# FIRST SEMESTER B.Ed. DEGREE EXAMINATION, DECEMBER 2015

## EDU 05.4—THEORETICAL BASES OF TEACHING MALAYALAM

(2015 Admissions)

Time : Three Hours

Maximum : 80 Marks

### Part A

എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.

ഓരോ ചോദ്യത്തിനും 2 മാർക്ക്.

1. സഹവർത്തിത ക്ലാസ്സിന്റെ **നാല്** സവിശേഷതകൾ എഴുതുക.
2. മൂല്യബോധത്തിന്റെ വികസനത്തിന് ഭാഷാപഠനം പ്രയോജനപ്പെടുന്നതെങ്ങനെ ?
3. 'വായനയ്ക്ക് മുമ്പ് വചനശിക്ഷണം ' എന്ന അനുക്രമീകരണതത്വം വിശദമാക്കുക.
4. ഒരു മാർഗ്ഗദർശി (Mentor) എന്ന നിലയിൽ ഭാഷാധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?
5. പ്രതിഫലനാത്മക പഠനത്തിന്റെ (Reflective learning) പ്രത്യേകതകൾ കുറിക്കുക.
6. ഏതെങ്കിലും **രണ്ട്** അധ്യാപന പ്രമാണങ്ങൾ (Maxims of teaching) എഴുതുക.
7. നല്ല കൈയ്യക്ഷരത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവ ?
8. പഠനപ്രക്രിയയിൽ പഠനാനുഭവങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുക.
9. ഭാഷാപഠനത്തിന് ആശയ സമ്പാദന മാതൃക ഉപയോഗിക്കുന്നതു കൊണ്ടുള്ള **രണ്ട്** ഗുണങ്ങൾ രേഖപ്പെടുത്തുക.
10. ഭാഷാപഠനത്തിന് നാടകരീതി ഉപയോഗിക്കുവാൻ ഉചിതമായ ഒരു പഠനസന്ദർഭം കുറിക്കുക.

(10 × 2 = 20 marks)

### Part B

ഏതെങ്കിലും **പത്ത്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

4 മാർക്ക് വീതം.

11. സാമൂഹികവും സാംസ്കാരികവുമായ വികസനത്തിൽ മാതൃഭാഷയ്ക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയും—സമർത്ഥിക്കുക.
12. 'പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി'—കുറിപ്പെഴുതുക.
13. ഉച്ചാരണ വൈകല്യത്തിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും വിശദമാക്കുക.
14. ശ്രവണ/ശ്രദ്ധാനൈപുണി വികസനത്തിനായി നൽകാവുന്ന പ്രവർത്തനങ്ങൾ വിവരിക്കുക.

**Turn over**

Scanned with CamScanner

15. പഠനാനുഭവങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അധ്യാപകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

16. ഭാഷാപഠനത്തിന് പ്രോജക്ട് രീതി എത്രമാത്രം ഉപയോഗപ്രദമാണ്—സമർത്ഥിക്കുക.

17. ബോധനമാതൃകകളുടെ പൊതുഘടകങ്ങൾ ഏവ ? വിശദമാക്കുക.

18. സമപ്രായാധ്യയനം എന്നാൽ എന്ത് ? ഗുണങ്ങളും ദോഷങ്ങളും പ്രതിപാദിക്കുക.

19. വൈജ്ഞാനിക മണ്ഡലവുമായി ബന്ധപ്പെട്ട മലയാള ഭാഷാബോധനോദ്ദേശ്യങ്ങൾ വ്യക്തമാക്കുക.

20. ഭാഷാപഠനത്തിനുപയോഗിക്കുന്ന വിവിധ ഭാഷാവ്യവഹാരരൂപങ്ങൾ ഏതെല്ലാം ? വിവരിക്കുക.

21. സെക്കന്ററി തലത്തിലെ കവിതാബോധനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ? **രണ്ട്** പഠനപ്രവർത്തനങ്ങൾ കുറിക്കുക.

22. വ്യാകരണപഠനം ഭാഷാക്ലാസ്സുകളിൽ വേറിട്ട് നടക്കേണ്ട പ്രവർത്തനമല്ല. സമർത്ഥിക്കുക.

(10 × 4 = 40 marks)

## Part C

ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

10 മാർക്ക് വീതം.

23. ഉദ്ദേശ്യാധിഷ്ഠിത ബോധനത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏവ ? ആധുനിക ഭാഷാബോധനരീതികളുമായി ഇത് എങ്ങനെ ഇണക്കിച്ചേർക്കാം ?

24. ഭാവനാസമ്പന്നനും ഉൽപ്പതിഷ്ണുവുമായ ഒരാൾക്കു മാത്രമേ ഭാഷാധ്യാപകൻ എന്ന നിലയിൽ ശോഭിക്കുവാൻ കഴിയുകയുള്ളൂ—പരിശോധിക്കുക.

25. മാതൃഭാഷാബോധനത്തിൽ അനുക്രമീകരണം പാലിക്കേണ്ടതുണ്ടോ ? പ്രധാന അനുക്രമീകരണതത്വങ്ങൾ ആധുനിക മനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

(2 × 10 = 20 marks)

Scanned with CamScanner